## അപേക്ഷാഫോറം പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. 2009-10 വർഷത്തേക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പിന്റെ അപേക്ഷാഫോറം www.education.kerala.gov.in, www.itschool.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നും ലഭിക്കുന്നതാണ്. N2/41560/2009/DPI എന്ന നമ്പരിലുള്ള അപേക്ഷാഫോറം മാത്രമേ സ്വീകരിക്കുകയുള്ളൂ.

2. അപേക്ഷാഫോറം പൂരിപ്പിക്കുന്നതിന് മുമ്പായി നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് വായിക്കുക. അപൂർണ്ണവും തെറ്റായതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

3. സർക്കാർ/എയിഡഡ്/അൺഎയിഡഡ് (റെക്കഗ്നൈസ്ഡ്), സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ (അഫിലിയേഷനുള്ളവ) എന്നീ വിഭാഗങ്ങളിലുള്ള സ്കൂളുകളിലെ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിൽ പഠിക്കുന്ന ക്രിസ്ത്യൻ, മുസ്ലീം സമുദായത്തിൽപ്പെട്ട കുട്ടികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 2008-09-ൽ വർഷത്തിൽ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചവർക്കും 2009-10 വർഷത്തിൽ അപേക്ഷിക്കാവുന്നതാണ്.

4. പൂരിപ്പിച്ച മാതൃകാഫോറം കണ്ടതിനുശേഷം അപേക്ഷ പൂരിപ്പിച്ചു നൽകുന്നതായിരിക്കും നല്ലത്.

5. അപേക്ഷാഫോറത്തിൽ സൂചിപ്പിച്ചിരിക്കുന്ന സ്കൂൾ കോഡ്, ആപ്ലിക്കേഷൻ നമ്പർ എന്നിവ കുട്ടികൾ പൂരിപ്പിക്കേണ്ടതില്ല.

6. കുട്ടിയുടെ പേര് ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ എഴുതേണ്ടതാണ്. ഇനിഷ്യൽ പേരിന് ശേഷം മാത്രം ചേർക്കുക.

7. സ്കൂൾ രേഖയിലുള്ള ജനനതീയതിയാണ് എഴുതേണ്ടത്.

8. വിഭാഗം 14, 16 എന്നിവ കുട്ടികൾ പൂരിപ്പിക്കേണ്ടതില്ല.

9. അപേക്ഷാഫോറത്തിൽ കുട്ടികൾ നിർബന്ധമായും ഒപ്പിട്ടിരിക്കണം. ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ അപേക്ഷാഫോറത്തിൽ ഒപ്പിട്ടിരിക്കണം.

10. നാലാം പേജിലെ വിവരങ്ങൾ പൂരിപ്പിക്കേണ്ടത് സ്കൂൾ മേധാവിയാണ്. വിഭാഗം 21 പൂരിപ്പിക്കേണ്ടതില്ല.

11. പൂരിപ്പിച്ച അപേക്ഷാ ഫോറത്തിൽ സ്ഥാപനമേധാവി നിർബന്ധമായും ഒപ്പിട്ടിരിക്കണം.

12. വാർഷിക വരുമാനം, കുട്ടിയുടെ മതം എന്നിവ തെളിയിക്കുന്ന പത്ത് രൂ യുടെ വെവ്വേറെ മുദ്രപത്രത്തിലുള്ള രക്ഷകർത്താവിന്റെ സത്യവാങ്മൂലവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സത്യവാങ്മൂലത്തിന്റെ മാതൃക ആപ്ലിക്കേഷന്റെ അവസാനം നൽകിയിട്ടുണ്ട്.

13. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2009 ആഗസ്റ്റ് 5 ആണ്. അപൂർണ്ണവും അവസാന തീയതിക്ക്ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.